Jagratha 053

Vol .2, Issue 19
03-06-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

*പ്രധാനവാർത്തകൾ*

*01. കേരള ഗവൺമെന്റിന്റെ സംവരണത്തിലെ നിയമ വിരുദ്ധമായ ക്രമക്കേടുകൾ : ഐക്യ-ജാഗ്രതാ കമ്മീഷൻ*

*02. ഏകജാലകം സർക്കാരിനോട് ഹൈക്കോടതി വിശദീകരണം തേടി.*

*03. സർക്കാരിന്റെ സ്വാശ്രയ ക്രമക്കേടുകൾ : ഇന്റർ ചർച്ച് കൗൺസിൽ*

*04. അധാർമികതയും നിരീശ്വരവാദവുമുള്ള പാഠ്യപദ്ധതി പഠിപ്പിക്കരുതെന്ന് അധ്യാപകരോട് ബിഷപ് പഴയാറ്റിൽ*

*05. സമൂഹത്തിൽ മൂല്യബോധം വളർത്തുന്നതിനുള്ള ഉപാധിയാവണം മാധ്യമങ്ങൾ : മീഡിയ കമ്മീഷൻ*

*06. ദൈവവചന വർഷത്തിൽ ദൈവവചനത്തെക്കുറിച്ച് ഗാനമത്സരം : ബൈബിൾ കമ്മീഷൻ*

## 01. കേരള ഗവൺമെന്റിന്റെ സംവരണത്തിലെ നിയമ വിരുദ്ധമായ ക്രമക്കേടുകൾ : ഐക്യ-ജാഗ്രതാ കമ്മീഷൻ

1.1956-ൽ തിരുവിതാംകൂറും കൊച്ചിയും, മദ്രാസ് സംസ്ഥാനത്തിന്റെ ഏതാനും ഭാഗങ്ങളും യോജിപ്പിച്ചുകൊണ്ട് കേരള സംസ്ഥാനം പിറന്നു. 1921-ൽ സംസ്ഥാനത്ത് ബ്രാഹ്മണർ അല്ലാത്തവരേക്കാൾ കൂടുതൽ ആളുകളെ ഗവൺമെന്റ് ജോലിക്കു ഏർപ്പെടുത്തുവാൻ വേണ്ടി സംവരണം ഏർപ്പെടുത്തി. 1927-ൽ മദ്രാസ് ഗവൺമെന്റ് മുഴുവൻ സമൂഹത്തെയും അഞ്ചു ഗണങ്ങളായി കണക്കാക്കി, ഗവൺമെന്റ് ജോലിയിൽ ഓരോ വിഭാഗത്തിനും പ്രത്യേക ഓഹരി നിശ്ചയിച്ചു. 1947-ൽ ഹിന്ദുക്കളിൽ പിന്നോക്കവിഭാഗക്കാരായവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തിയത് 1951-ൽ സുപ്രീം കോടതി റദ്ദാക്കി.

2. തിരുവിതാംകൂർ രാജ്യത്ത് ഗവൺമെന്റ് തലത്തിലും നിയമ നിർമാണ രംഗത്തും ഹിന്ദുക്കളിൽ പിന്നോക്ക വിഭാഗക്കാരായവർക്ക്, പ്രധാനമായും ഈഴവർക്കും, മുസ്ലീം, ക്രിസ്ത്യാനി എന്നീ വിഭാഗങ്ങൾക്കും സംവരണം നിലവിൽ ഇല്ലാതിരുന്നതിനാൽ അവർ കൂട്ടായ ഒരു ബഹിഷ്കരണ നിലപാട് സ്വീകരിച്ചു. തൽഫലമായി പി.എസ്.സി നിലവിൽ വരികയും ഗവൺമെന്റ് ജോലിക്ക് 35% പിന്നോക്ക വിഭാഗങ്ങൾക്ക് നീക്കിവച്ചു. ഇതിന്റെ ഫലമായി 1936-ൽ കൊച്ചി രാജ്യത്ത് പട്ടിക ജാതി / പട്ടിക വർഗ്ഗം എന്നിവർക്കും ജോലിക്ക് സംവരണം ഏർപ്പെടുത്തി.

3. *കേരള ഗവൺമെന്റിന്റെ സംവരണ സമ്പ്രദായം*-- 23-12-1958-ൽ Kerala Subordinate Service Rules (KSSR) പ്രാബല്യത്തിൽ വന്നു. സംവരണ സംബന്ധമായ നിയമം KSSR/ Part 2, 14 മുതൽ 17 വരെ പ്രതിപാദിക്കുന്നു. പബ്ലിക്ക് സർവീസ് കമ്മീഷൻ KSSR ന്റെ അടിസ്ഥാനത്തിൽ മറ്റു പിന്നോക്ക വിഭാഗങ്ങൾക്കെല്ലാം വ്യതിയാനം വരുത്തി. ഗവൺമെന്റ് ധനസഹായത്താൽ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനം ഒഴികെ മറ്റ് എല്ലാ ഗവൺമെന്റ് വിഭാഗങ്ങളിലും 50% സംവരണം നടപ്പാക്കി. കേരള ജനതയിൽ 78% വിഭാഗം ആളുകൾ സംവരണത്തിന്റെ ആനുകൂല്യം സ്വീകരിക്കുന്നു. ഈ വിഭാഗങ്ങളെ എട്ട് സംവരണ ഗ്രൂപ്പുകളായി തരം തിരിച്ചു : ഈഴവർ, ഡീവർ, നാടാർ, ലത്തീൻ കത്തോലിക്കർ, ദളിത് ക്രിസ്ത്യൻ, മറ്റു പിന്നോക്ക വിഭാഗങ്ങൾ, വിശ്വകർമ്മാസ്. ഓരോ വിഭാഗത്തിന്റെയും സംവരണത്തിൽ അല്പം ഏറ്റക്കുറച്ചിലുകൾ താഴ്ന്ന ജോലികളിലും ഉന്നതജോലികളിലും ഉണ്ട്.

ഒരു സംവരണ വിഭാഗം പരിധിയിൽ കവിഞ്ഞ് ആനുകൂല്യം നേടുമ്പോൾ അത് മറ്റു സംവരണ വിഭാഗങ്ങളുടെ അർഹതയുള്ള അവകാശത്തെ തട്ടി എടുക്കുകയാണ് ചെയ്യുന്നത്. . 1931-നു ശേഷം ഓരോ വിഭാഗത്തിന്റെയും വ്യക്തമായ കണക്ക് ഇൻഡ്യയിൽ ഇല്ല. അതിനാൽ ഓരോ സംവരണ വിഭാഗത്തിന്റെയും അനുപാതികമായ അളവല്ല നിലവിൽ ഉള്ളത്. 1931-നു ശേഷം ഹിന്ദുക്കളിൽ പിന്നോക്ക വിഭാഗക്കാർ മറ്റു മതങ്ങൾ സ്വീകരിച്ചപ്പോൾ സംവരണത്തിന്റെ കാര്യമായ അനുപാതിക വ്യത്യാസം ഇന്നുവരെ തിരുത്തിയിട്ടില്ല. പഴയ സംവരണ സമ്പ്രദായം തന്നെ തുടരുന്നതു കൊണ്ട് അർഹരായവരുടെ അവകാശങ്ങൾ നഷ്ടപ്പെടുന്നു.

Reservation rates for Goverment jobs in Kerala (KSSR rule)

| Community | Last Grade Posts | Other Posts |
|---|---|---|
| 1. Ezhavas | 11% | 14% |
| 2. Muslim | 10% | 12% |
| 3. Nadar | 3% | 2% |
| 4. Vishwkarma | 2% | 3% |
| 5. Lation Catholic | 4% | 4% |
| 6. OBC | 6% | 3% |
| 7. Dheevara | 2% | 1% |
| 8. Dalith Christians | 2% | 1% |
| 9. SC | 8% | 8% |
| 10. ST | 2% | 2% |
| Total | 50% | 50% |

### *നിയമ വിരുദ്ധമായ ക്രമക്കേടുകൾ*

ഓരോ മതവിഭാഗത്തിന്റെയും ജനസംഖ്യാനുപാതത്തിൽ വന്നിട്ടുള്ള വ്യതിയാനങ്ങൾ കാലാകാലങ്ങളിൽ ശരിയാക്കാത്തതിന്റെ പേരിൽ ചില മതവിഭാഗങ്ങൾ അവർക്ക് അർഹതയുള്ളതിൽ കൂടുതൽ തൊഴിൽ ആനുകൂല്യങ്ങൾ നേടുകയും, മറ്റു പല മതവിഭാഗങ്ങൾക്കും തുല്യ അവകാശങ്ങൾ നഷ്ടപ്പെയുകയും ചെയ്യുന്നു.

ഈ കാരണങ്ങളാൽ നിലവിലുള്ള സംവരണം റദ്ദാക്കി ന്യൂനപക്ഷാവകാശം സംരക്ഷിക്കാൻ കോടതിയെ സമീപിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മറ്റു മതവിഭാഗങ്ങൾക്ക് അർഹതയിൽക്കൂടുതൽ ആനുകൂല്യങ്ങൾ ഗവൺമെന്റ് നൽകുമ്പോൾ, ക്രിസ്ത്യാനികൾ ഉണരുകയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടാൻ പരിശ്രമിക്കേണ്ടിയുമിരിക്കുന്നു.

### 02. ഏകജാലകം: സർക്കാരിനോട് ഹൈക്കോടതി വിശദീകരണം തേടി (ദീപിക 03-06-2008)

പ്ലസ് വൺ പ്രവേശനത്തിന് ഏർപ്പെടുത്തിയ ഏക ജാലക സംവിധാനം വിദ്യാർഥികൾക്കും മാനേജ്മെന്റിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കില്ലെന്ന കാര്യത്തിൽ വിശദീകരണ പത്രിക നൽകാൻ ഹൈക്കോടതി ഡിവിഷൻ ബഞ്ച് സർക്കാരിനോട് ആവശ്യപ്പെട്ടു. അടുത്ത വെള്ളിയാഴ്ചയ്ക്കകം ഇക്കാര്യത്തിൽ പത്രിക നൽകാനാണ് ജസ്റ്റിസുമാരായ ജെ.ബി കോശി, പി. എൻ രവീന്ദ്രൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ച് ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ തീരുമാനം സ്റ്റേ ചെയ്യാൻ വിസമ്മതിച്ച സിംഗിൾ ബഞ്ചിന്റെ ഉത്തരവിനെതിരേ ചങ്ങനാശ്ശേരി അതിരൂപതാ കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസി സമർപ്പിച്ച അപ്പീൽ തിങ്കളാഴ്ച ഡിവിഷൻ ബഞ്ച് വീണ്ടും പരിഗണിക്കും

## 03. സർക്കാരിന്റെ സ്വാശ്രയക്രമക്കേടുകൾ ഞെട്ടിക്കുന്നു : ഇന്റർ ചർച്ച് കൗൺസിൽ

( 28-05-2008)

പ്രവേശന പരീക്ഷയിൽ പത്തുശതമാനം മാർക്കു കിട്ടിയ വിദ്യാർത്ഥികൾക്കുപോലും സ്വാശ്രയ മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം പ്രവേശനം നൽകി ഗവൺമെന്റ് സ്പോൺസർ ചെയ്ത ക്രമക്കേടുകൾ കേരളത്തിലെ പൊതു സമൂഹത്തെ മുഴുവൻ ഞെട്ടിപ്പിക്കുന്നതാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷന്റെ വക്താവ് പ്രസ്താവിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ അറിവോടും സമ്മതത്തോടും കൂടിയാണ് ഈ ക്രമക്കേടുകൾ നടന്നതെന്നത് പ്രശ്നം കൂടുതൽ ഗൗരവമുള്ളതാക്കുന്നു.

സർക്കാരുമായി കരാർ ഒപ്പിടാത്ത സ്വാശ്രയ കോളേജുകളെ നിരന്തരം ഭീഷണിപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസ മന്ത്രി ഇതു സംബന്ധിച്ച് തന്റെ നിലപാടുകൾ വ്യക്തമാക്കാൻ തയ്യാറാകണം. കരാറുകളെ അഴിമതിക്ക് മറയാക്കുകയാണ് വിദ്യാഭ്യാസ വകുപ്പ് ചെയ്തത്. എല്ലാക്കാര്യങ്ങളിലും നിയമം കൈയ്യിലെടുത്തും തെരുവിലിറങ്ങിയും പ്രതിഷേധിക്കുന്ന ഇടതുപക്ഷ വിദ്യാർത്ഥി യുവജന സംഘടനകൾ ഇക്കാര്യത്തിൽ പാലിക്കുന്ന നിശബ്ദത കൗതുകത്തോടെ കേരള ജനത നോക്കിക്കാണുന്നത്. മെറിറ്റും സാമൂഹ്യനീതിയും പൂർണമായും അട്ടിമറിച്ചുകൊണ്ടാണ് സർക്കാർ ചില സ്വാശ്രയ കോളേജുകളുമായി കരാർ ഒപ്പിട്ടത്. ഈ കരാറുകളുടെ മറവിൽ അഴിമതിക്ക് സർക്കാർ വേദിയൊരുക്കുകയാണ് ചെയ്യുന്നതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷൻ വക്താവ് പത്രക്കുറിപ്പിൽ ആരോപിച്ചു.

## 04. അധാർമിക പാഠ്യപദ്ധതി പഠിപ്പിക്കരുതെന്ന് അധ്യാപകരോട് ബിഷപ് പഴയാറ്റിൽ

(29- 05- 2008 മലയാള മനോരമ)

പരിഷത് ക്യാംപുകളിൽ രൂപപ്പെട്ട മനുഷ്യവിദ്വേഷപരമായ ആശയങ്ങളുടെയും മതവിരോധചിന്തകളുടെയും വിഷം പുരട്ടിയ പാഠ്യഭാഗങ്ങൾ വിദ്യാർഥികളെ പഠിപ്പിക്കാൻ തുനിയരുതെന്ന നിർദേശവുമായി ഇരിങ്ങാലക്കുട രൂപതയിലെ അധ്യാപകർക്ക് ബിഷപ് മാർ ജയിംസ് പഴയാറ്റിലിന്റെ സർക്കുലർ.

ധാർമികതയ്ക്കു വിരുദ്ധമായവ പ്രചരിപ്പിക്കുന്ന അധ്യാപക പരിശീലനക്കളരികളെ അവഗണിക്കണമെന്ന് അദ്ദേഹം നിർദേശിക്കുന്നു. വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ മറവിൽ നടക്കുന്ന ആഭാസങ്ങൾ ആശങ്കപ്പെടുത്തുന്നു എന്ന കുറിപ്പോടെയാണ് സർക്കുലർ നൽകിയിരിക്കുന്നത്. പുതിയ പാഠ്യപദ്ധതിയിൽ കമ്യൂണിസവും നിരീശ്വരവാദവും പ്രചരിപ്പിക്കാനുള്ള സർക്കാർ ശ്രമത്തിനെതിരെ ജാഗരൂകരായിരിക്കണം.

ശരിയായ ചർച്ചയില്ലാതെ പിൻവാതിലിലൂടെ അംഗീകരിക്കപ്പെട്ട പാഠ്യപദ്ധതി ചട്ടക്കൂട് - 2007 അധ്യാപകരെ താറടിച്ചും വിദ്യാർഥികളെ അടിമകളെന്നു വിശേഷിപ്പിച്ചും തയാറാക്കിയിരിക്കുന്നത് ഖേദകരമാണെന്നും ബിഷപ് ചൂണ്ടിക്കാട്ടുന്നു. ചരിത്രം തള്ളിക്കളഞ്ഞ പല കൂട്ടക്കൊലകളുടെയും പ്രത്യയശാസ്ത്രം ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇതു പഠിപ്പിക്കാൻ ധാർമികമായി നമുക്കു ചുമതലയില്ല. അധ്യാപകരെന്ന നിലയിൽ ഇതു പഠിപ്പിക്കാൻ നിർബന്ധിതരായാൽ ഇത്തരം പാഠങ്ങൾകൊണ്ടുണ്ടാകുന്ന ഭീകരമായ ഭവിഷ്യത്തുകളാണ് കുട്ടികൾക്കു പറഞ്ഞുകൊടുക്കേണ്ടത്. പീഡനം ഏൽക്കേണ്ടിവന്നാലും ഈ നിലപാടിൽ ഉറച്ചു നിൽക്കണമെന്നും ബിഷപ് നിർദ്ദേശിക്കുന്നു.

## 05. സമൂഹത്തിൽ മൂല്യബോധം വളർത്തുന്നതിനുള്ള ഉപാധിയാവണം മാധ്യമങ്ങൾ

(മീഡിയ കമ്മീഷൻ 27-05-2008)

മീഡിയായ്ക്ക് പ്രാധാന്യമുള്ള ഈ കാലഘട്ടത്തിൽ മാധ്യമങ്ങൾ സമൂഹത്തിൽ മൂല്യബോധം വളർത്തുന്നതിനുള്ള ഉപാധിയായിത്തീരണമെന്ന് കെ.സി.ബി.സി. മാധ്യമകമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ തോമസ് ചക്യത്ത് ആഹ്വാനം ചെയ്തു. കെ.സി.ബി.സി. മാധ്യമകമ്മീഷൻ പാലാരിവട്ടം പി.ഒ.സി.യിൽ പ്രഗൽഭരെ ആദരിക്കുന്നതിനുവേണ്ടി സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ സഭയേയും വിശ്വാസത്തേയും താറടിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ മീഡിയായിലൂടെ ഉണ്ടാകുമ്പോൾ അതിനെതിരെ പ്രതികരിക്കേണ്ട വലിയ ഉത്തരവാദിത്വത്തെക്കുറിച്ചും ബിഷപ്പ് ഓർമിപ്പിച്ചു. മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന മാധ്യമങ്ങ ളാണ് ഇന്നിന്റെ ആവശ്യമെന്ന് ചടങ്ങിൽ സന്നിഹിതനായിരുന്ന കെ.സി.ബി.സി. മാധ്യമകമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ പറഞ്ഞു. കെ.സി.ബി.സി. മാധ്യമകമ്മീ ഷിന്റെ മുഴുവൻസമയ സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ച ഫാ. ജോസ് പ്ലാച്ചിക്കൽ, ഫാ. വില്യം നെല്ലിക്കൽ, ഫാ. ദേവസി കൊല്ലംകുടിയിൽ sdb എന്നിവരേയും സംഗീതരംഗത്ത് 50 വർഷം പിന്നിട്ട തോപ്പിൽ ആന്റോ, എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് മ്യൂസിക്കിൽ എം.എ. ഫസ്റ്റ് റാങ്ക് നേടിയ എലിസബത്ത് രാജു എന്നിവരെയും ചടങ്ങിൽ ആദരിച്ചു. ബിഷപ്പ് ഡോ. പീറ്റർ ചേനപ്പറമ്പിൽ ഉപ ഹാരങ്ങൾ സമർപ്പിച്ചു. പി.ഒ.സി. ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറ, മീഡിയ കമ്മീഷൻ സെക്ര ട്ടറി ഫാ. ജോസഫ് നിക്കോളാസ്, ഫാ. മരിയാൻ അറക്കൽ, ഫാ. ജോണി കൊച്ചുപറമ്പിൽ, ഫാ. സൈറസ് വേലംപറമ്പിൽ, ഫാ. ജോസ് കോട്ടയിൽ, ഫാ. ജോർജ്ജ് കുരുക്കൂർ, ഫാ. ജോസ് കാര ക്കാട്ട് എന്നിവർ പ്രസംഗിച്ചു. തുടർന്ന് മേരി ബിനി& ടീം (മംഗലാപുരം) അവതരിപ്പിച്ച ഡാൻസ് പ്രോഗ്രാമും ഉണ്ടായിരുന്നു.

## 06. ദൈവവചനവർഷത്തിൽ ദൈവവചനത്തെക്കുറിച്ച് ഗാനമത്സരം (ബൈബിൾ കമ്മീഷൻ)

2008 കേരള സഭ ദൈവവചനവർഷമായി ആചരിച്ചുകൊണ്ട് ദൈവവചനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവവചനത്തെക്കുറിച്ച് ഒരു അഖിലകേരള ഗാനരചനാ മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിൽ വിജയികളാകുന്നവർക്ക് ക്യാഷ് ആവാർഡുകളും ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. മത്സരനിബന്ധനകൾ താഴെ ചേർക്കുന്നു.

1. ഗാനവിഷയം ദൈവവചനമായിരിക്കണം. 2. ഗാനങ്ങൾക്ക് 12 മുതൽ 16 വരെ വരികളാകാം. 3. അവ ഭക്തിമയവും താളത്തോടും കൂടിയതാവണം. 4. മത്സരത്തിൽ പ്രായഭേദമന്യേ ആർക്കും പങ്കെടുക്കാം. 5. രചനകൾ 2008 ആഗസ്റ്റ് 20-ന് മുമ്പായി ലഭിച്ചിരിക്കണം. 6. ഒരു രചനയ്ക്ക് 100 രൂപ രജിസ്റ്റർ ഫീസ്. 7. മത്സരഫലം സംബന്ധിച്ച ജൂറിയുടെ വിധി അന്തിമമായിരിക്കും. 8. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5,000 രൂപ, 3,000 രൂപ, 2,000 രൂപ വീതവും 4 മുതൽ 10 വരെ സ്ഥാനക്കാർക്ക് 1000 രൂപ വീതവും ക്യാഷ് അവാർഡ് സമ്മാനമായി നൽകും. 9. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ 2008 ഡിസംബർ 30- ന് പി.ഒ.സിയിൽ ചേരുന്ന, ബൈബിൾ കലോത്സവത്തിന്റെ സമ്മാനദാന സമ്മേളനത്തിൽ വച്ച് നൽകും. 10. എവിടെയെങ്കിലും സമ്മാനം നേടിയതോ, പ്രസിദ്ധീകരിച്ചതോ, പ്രസിദ്ധീകരണത്തിന് ഏല്പിച്ചതോ ആയ രചനകൾ സ്വീകരിക്കുകയില്ല. 11. രചനകളിൽ പേരോ, വിലാസമോ എഴുതരുത്. പേരും വിലാസവും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം. വികാരിയച്ചന്റെ സർട്ടിഫിക്കറ്റുകളും രചനയോടൊപ്പം ചേർത്തിരിക്കണം. 12. സമ്മാനർഹമായ ഗാനങ്ങളുടെ പ്രസിദ്ധീകരണാവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും.

മത്സരത്തിൽ നിന്ന് യോഗ്യമായ 10 ഗാനങ്ങൾ തിരഞ്ഞെടുത്ത് പ്രഗത്ഭരായവർ ഈണം നൽകുകയും പാടുകയും ചെയ്ത് ഒരു കാസറ്റ് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ പ്രസിദ്ധീകരിക്കും. രചനകൾ രജിസ്ട്രേഷൻ ഫീസിനോടൊപ്പം അയയ്ക്കേണ്ട വിലാസം : സെക്രട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ, പി.ഒ.സി, പാലാരിവട്ടം, കൊച്ചി - 682025